I/650784/2024

ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നം.DT/150/2022-A3 തീയതി :23-01-2024

**സർക്കുലർ**

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- സീനിയർ ക്ലാർക്കുമാരുടെ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കൽ -KSRs Part-1, Appendix – 12 (A, (B), (C) എന്നിവ പ്രകാരമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചവരുടെ വിവരങ്ങൾ സംബന്ധിച്ച്.

സൂചന:- 1) 08.01.2024-ലെ DT/150/2023-A3 നമ്പർ ഉത്തരവ്

**************

സൂചന (1) ഉത്തരവ് പ്രകാരം വകുപ്പിലെ സീനിയർ ക്ലാർക്കുമാരുടെ ഒന്നാം പ്രൊവിഷണൽ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പരാതികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ലഭിച്ച പരാതികൾ പ്രസ്തുത കമ്മറ്റി പ്രാഥമികമായി പരിശോധിച്ചപ്പോൾ എൻട്രി കേഡറായ ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് KSRs Part-1, Appendix – 12 (A, (B), (C) എന്നിവ പ്രകാരമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചവരുടെ വിവരങ്ങൾ കൂടി ശേഖരിച്ച് ക്രമീകരണം നടത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ രണ്ടാം പ്രൊവിഷണൽ ഗ്രഡേഷൻ ലിസ്റ്റിന്റെ കരട് തയ്യാറാക്കുന്നതിന് ടി വിവരം കൂടി ശേഖരിച്ച് പരിശോധിക്കേണ്ടതുണ്ട്.

"പ്രവേശന ഗ്രേഡിൽ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്തവരുടെ സംഗതിയിൽ, അവധിക്കാലാവധിയിൽ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നഷ്ടമാകുന്നതിനു പുറമെ, അവർ അവധിയിൽ പ്രവേശിക്കുന്നതിന് മുമ്പ് അവർ ആർജ്ജിച്ചിരുന്ന സർവ്വീസ് ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നതാണെന്നും, അവധി കഴിഞ്ഞ് മടങ്ങുമ്പോൾ അവർ സർക്കാർ സർവ്വീസിൽ പുതിയ സർവ്വീസ് പ്രവേശകരായി കരുതപ്പെടേണ്ടതാണെന്നും, അവധി കഴിഞ്ഞ് മടങ്ങിവരുന്നതിന്മേൽ അവർ സർവ്വീസ് പുതുതായി ആരംഭിക്കേണ്ടതും പ്രൊബേഷൻ പൂർത്തിയാക്കേണ്ടതുമാണെന്നും, പുതിയ സർവ്വീസ് പ്രവേശകർ എന്ന നിലയ്ക്ക് അതേ പ്രവേശന ഗ്രേഡിൽ അവർക്ക് വീണ്ടും സർക്കാർ സർവ്വീസിലെ ഡ്യൂട്ടിയ്ക്ക് വീണ്ടും ചേരാമെന്ന ഒരൊറ്റ അവകാശം മാത്രമാണ് നിലനിൽക്കുന്നതെന്നും" വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ 08.01.2024-ലെ DT/150/2023-A3 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സീനിയർ ക്ലാർക്കുമാരുടെ ഒന്നാം പ്രൊവിഷണൽ ഗ്രഡേഷൻ ലിസ്റ്റിലുള്ള ആരെങ്കിലും ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് KSRs Part-1, Appendix – 12 (A, (B), (C) എന്നിവ പ്രകാരമുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചവരുണ്ടോയെന്ന് ഒന്നാം പ്രൊവിഷണൽ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം (ക്രമ നം.270 മുതലുള്ളവരുടെ) അതാത് സ്ഥാപനങ്ങളിൽ നിലവിലുള്ള എല്ലാവരുടെയും സേവനപുസ്തകം വിശദമായി പരിശോധിച്ച് അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ വിശദ വിവരം ചുവടെപ്പറയുന്ന മാതൃകയിൽ 25.01.2024 5.00 PM ന് മുൻപാകെ seniorclerkgradationlist2024@gmail.com എന്ന ഇ- മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

| SL. No. as per 1st Provisional Gradation List | Name of Officials | Date of Joining in Clerk Post | KSRs Part-1, Appendix - 12 (A, (B), (C) | Period (from... to ...) | Date (*with effect*) of Declaration of Probation in the Post of Clerk |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | | | | | |
| | | | | | |

സീനിയർ ക്ലാർക്കുമാരുടെ ഒന്നാം പ്രൊവിഷണൽ ഗ്രഡേഷൻ ലിസ്റ്റിലുള്ള ഈ സ്ഥാപനത്തിലെ എല്ലാ ജീവനക്കാരുടെയും സേവനപുസ്തകം വിശദമായി പരിശോധിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ടി സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

JASMINE B KAS
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>സ്വീകർത്താവ്:-</u>

എല്ലാ സ്ഥാപന മേധാവികളും (മേൽ പറയുന്ന തരത്തിൽ LWA എടുത്ത ജീവനക്കാർ ഇല്ലാത്ത പക്ഷം Nil report ലഭ്യമാക്കേണ്ടതാണ്)

എല്ലാ ജീവനക്കാർക്കും

<u>പകർപ്പ്:-</u>

വകുപ്പ് വെബ്സൈറ്റ്(പ്രസിദ്ധീകരണത്തിനായി )